**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1891** **29-07-2021 - ൽ മറുപടിയ്ക്ക്**

**പുല്ലുപാറയിലെ സൈബർ പാർക്കിന്റെ സ്ഥലത്ത് വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ എരമം - കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിലെ സൈബർ പാർക്കിനായി കണ്ടെത്തിയ സ്ഥലം വ്യവസായ വകുപ്പ് ഏറ്റെടുത്ത് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (എ) | നിലവിൽ 25 ഏക്കർ സ്ഥലമാണ് പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായ- ത്തിലെ പുല്ലുപാറയിലെ സൈബർ പാർക്കിനായി ഏറ്റെടുത്തിരിക്കുന്നത്. പ്രസ്തുത ഭൂമിയിൽ കോമ്പൗണ്ട് വാൾ, Lt കണക്ഷൻ, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യമുണ്ട്. 50,000 Square feet കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ട്രക്ച്ചറൽ മെറ്റീരിയൽസ് 10 വർഷമായി കാര്യമായ കേടുപാടുകൾ ഇല്ലാതെ കോമ്പൗണ്ടിൽ കിടക്കുന്നുണ്ട്. ബിൽഡിംങ്ങിനാ- വശ്യമായ ഫൗണ്ടേഷൻ, ബോൾട്ട്, പൈപ്പ് ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയ അവസ്ഥയിലാണ്. ലേബർ ചെലവും പുതുതായി നിർമ്മിക്കുന്നതിനാവശ്യമായ തുകയുടെ ശരാശരി 30% വും മുടക്കിയാൽ മേൽ കെട്ടിടം പൂർത്തിയാവുന്നതും അവശേഷിക്കുന്ന ഭൂമി സംരംഭകർക്ക് കൈമാറാവുന്നതുമാണ്. എന്നാൽ ഇതിന്റെ നിലവിലെ ഉടമസ്ഥാവകാശം IT വകുപ്പിനാണ്. പ്രസ്തുത സ്ഥലം കിൻഫ്ര വിലയ്ക്ക് വാങ്ങി വ്യവസായ പാർക്കുണ്ടാക്കുന്നത് പ്രായോഗികമല്ലെന്ന് ഐ.ടി വകുപ്പിനെ അറിയിച്ചിട്ടുണ്ട്. വിലനിർണ്ണയം സംബന്ധിച്ച വിഷയം ഐ.ടി വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ